ത്തുന്ന സമുദായങ്ങൾക്ക് കൂടുതൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്ന കാര്യം തീർച്ചയായിട്ടും അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (16) പി.എസ്.സി. ലിസ്റ്റിൽനിന്ന് കോളേജദ്ധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.എൻ. ജയദേവൻ : സർ, നമ്മുടെ സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടെ നിയമനം ഗവൺമെന്റ് നിർത്തിവച്ചിരിക്കുകയാണ്. പക്ഷെ പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് . നിയമനം നിർത്തിവച്ചിരിക്കുന്നതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട യോഗ്യതയുള്ളവർക്ക് നിയമനം ലഭിക്കുന്നതിനുള്ള അവസരങ്ങൾ നഷ്ടപ്പെടുകയാണ്. പലരുടേയും പ്രായപരിധി കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. പി.എസ്.സി. ലിസ്റ്റിൽനിന്ന് ഒരാളെയെങ്കിലും നിയമിക്കണമെന്ന വ്യവസ്ഥയും ലംഘിക്കപ്പെടുകയാണ്. ഫിസിക്സ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം ആവശ്യപ്പെട്ടുകൊണ്ട് ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഫിസിക്സുകാർക്ക് നിയമനം കിട്ടി. അതിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കണമെന്ന്, ആവശ്യപ്പെട്ടുകൊണ്ട് ഡിവിഷൻബെഞ്ചിൽ അപ്പീൽ നൽകിയെങ്കിലും ലിസ്റ്റിൽനിന്നും ഒരൊറ്റയാളിനെപ്പോലും നിയമിച്ചിട്ടില്ല. അവരിൽ പലരുടേയും പ്രായപരിധി കഴിയുകയാണ്. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഭാഗം അദ്ധ്യാപകരുടെ റാങ്കുലിസ്റ്റുകളിലുൾപ്പെട്ടവരുടെ പ്രായപരിധിയും കഴിയുകയാണ്. അവരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാക്കണം, ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പ്രീഡിഗ്രി ബാച്ചുകൾ വേർപ്പെടുത്തിക്കഴിയുമ്പോൾ കോളേജുകളിൽ അദ്ധ്യാപകരുടെ പോസ്റ്റുകളുടെ എണ്ണം കുറയുക സ്വാഭാവികമാണ്. പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളിൽ നിലവിലുള്ള അദ്ധ്യാപകരെ വിന്യസിപ്പിക്കേണ്ടതുണ്ട്. യഥാർത്ഥത്തിലുള്ള ആവശ്യം കണക്കിലെടുത്തശേഷം പുതിയ തസ്തികകൾ അനുവദിക്കും. ഈ ആവശ്യങ്ങൾ പരിശോധിക്കുന്നതിന് ഒരു എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. സർപ്ലസ് ടീച്ചേഴ്സില്ലെന്ന് ബോധ്യപ്പെടുത്തിയാൽ വേക്കൻസികളിലേയ്ക്ക് പുതിയ നിയമനങ്ങൾ നടത്തുന്നതാണ്. താൽക്കാലികമായി ഉണ്ടാകുന്ന വേക്കൻസികളിൽ ഗസ്റ്റ് ലക്ചർമാരെ നിയമിക്കാനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. പലവട്ടം ചർച്ചചെയ്യപ്പെട്ട ഒരു കാര്യമാണിത്. സർപ്ലസ് ടീച്ചേഴ്സ് ഇല്ലെന്ന് വന്നാൽ പി.എസ്.സി ലിസ്റ്റിൽനിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാൻ എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (17) കണിയാപുരം കെ.എസ്.ആർ.ടി.സി ബസ്സ്റ്റേഷന്റെ അപര്യാപ്തതകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഉദ്ഘാടനം കഴിഞ്ഞ് രണ്ടു വർഷം തികയാറായിട്ടും കണിയാപുരം നിയോജകമണ്ഡലത്തിലെ കണിയാപുരം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ അപര്യാപ്തതകൾകൊണ്ട് വീർപ്പു

LIBRARY ARCHIVES Kerala Legislative Assembly

മുട്ടുകയാണ്. ആകെ അനുവദിച്ചിട്ടുള്ള 41 ഷെഡ്യൂളുകൾക്കായി ഈ ഡിപ്പോയിലേയ്ക്ക് നൽകിയിട്ടുള്ളത് 47 ബസ്സുകളാണ്. ഇവയിൽ സി.എഫ് വർക്കുകൾക്കും മറ്റുമായി 11 ബസ്സുകൾ വർക്ഷോപ്പിലാണ്. മറ്റ് നാലു ബസ്സുകൾക്ക് ഗുരുതരമായ തകരാറാണ്. അടുത്ത മാസം ഒമ്പതു ബസ്സുകൾകൂടി സി.എഫ് വർക്കുകൾക്കായി വർക്ഷോപ്പിൽ കയറ്റേണ്ടതുണ്ട്. ഫലത്തിൽ സർവീസിന് 23 ബസ്സുകൾ മാത്രമേ ലഭിക്കുന്നുള്ളൂ. അതിനാൽ യാത്രക്കാരുടെ ദുരിതം ഇനിയും വർദ്ധിക്കും. സ്പെയർപാർട്ടുകൾ ആവശ്യത്തിന് ലഭിക്കാറില്ല. അതുകൊണ്ട് 11 ബസ്സുകളുടെ പണികൾ പൂർത്തിയാക്കാൻ കഴിയുന്നില്ല. ബസ്സുകൾ കഴുകി വൃത്തിയാക്കാനുള്ള വാഷിംഗ് റാംപ് കണിയാപുരത്ത് സ്ഥാപിച്ചിട്ടില്ല. അവിടെ കാർ വാഷ് ഇല്ല, ഡ്രില്ലിംഗ് മെഷീൻ, വൈൻഡിംഗ് മെഷീൻ എന്നിവയ്ക്ക് കണക്ഷൻ കൊടുക്കാത്തതുകൊണ്ട് അവ പ്രവർത്തിക്കുന്നില്ല. ഡീസൽ ടാങ്ക് ഇനിയും അവിടെ സ്ഥാപിച്ചിട്ടില്ല. ശരാശരി ഒരുലക്ഷത്തോളം രൂപ പ്രതിദിനം വരുമാനമുള്ള ഈ ബസ് ഡിപ്പോയിൽ സ്റ്റാഫ് റൂമില്ല, യാത്രക്കാർക്കും ജീവനക്കാർക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു ക്യാന്റീൻ സ്ഥാപിച്ചിട്ടില്ല. ഗ്യാരേജിന്റെ മുമ്പിൽ വെളിച്ചമില്ലാത്തതുകൊണ്ട് യാത്രക്കാർ, പ്രത്യേകിച്ച് സ്ത്രീകൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. എൻ. എച്ച്-ൽനിന്നും ബസ്സ്റ്റേഷൻ യാർഡിലേയ്ക്കുള്ള പാത കുണ്ടും കുഴിയുമായി കിടക്കുന്നതിനാൽ ബസ്സുകൾക്ക് സ്ഥിരമായ കേടുപാടുകൾ നിരന്തരമായി സംഭവിക്കുന്നു. പ്ലേറ്റുകളൊടിഞ്ഞ് ഒട്ടേറെ ബസ്സുകൾ തകരാറിലാണ്. ഈ ബസ്സ്റ്റേഷന്റെ കാര്യം ഗൗരവത്തോടുകൂടി കാണണം. അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണിത്. ഈ ബസ്സ്റ്റേഷന്റെ അപര്യാപ്തകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാൻ ആവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം.

[11 A.M] വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോൽസാഹം കാരണം, വേണ്ടത്ര സൗകര്യങ്ങൾ തരപ്പെടാതെയാണ് ആ ബസ്സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചത്. 41 ഷെഡ്യൂളുകളാണ് കണിയാപുരം ഡിപ്പോയിൽ ഓപ്പറേറ്റ് ചെയ്യാനായി അനുവദിച്ചിട്ടുള്ളത്. ഇതിനായി 46 ബസ്സുകളും നൽകിയിട്ടുണ്ട്. എന്നാൽ ഇവയിൽ ഒമ്പതോളം ബസ്സുകൾ വലുതും ചെറുതുമായ അറ്റകുറ്റപ്പണികൾക്കായി ഇട്ടിരിക്കുകയാണ്. ഒരാഴ്ചയ്ക്കുള്ളിൽ എല്ലാം നിരത്തിലിറക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ സി.എഫ്. റിപ്പയറിനും മറ്റുമായി വീണ്ടും മറ്റ് വണ്ടികൾ ഗ്യാരേജിൽ പിടിക്കേണ്ടിയിരിക്കുന്നു. കുറച്ച് പുതിയ ബസ്സുകൾ അനുവദിക്കുന്നതോടെ മാത്രമേ ഇതിനു പരിഹാരം കാണാൻ കഴിയൂ. കെ.എസ്.ആർ.ടി.സി.ക്ക് ആകെ സർവീസ് നടത്താനായി നിശ്ചയിച്ചിരിക്കുന്ന 3801 ഷെഡ്യൂളുകൾ കൃത്യമായി നടത്തുന്നതിന് 715 ബസ്സുകളുടെ കുറവുണ്ട്. തന്മൂലം എല്ലായൂണിറ്റുകളിലും വാഹനങ്ങളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് പുതിയ വാഹനങ്ങൾ നിരത്തിലിറക്കുന്നതിലേയ്ക്ക് മറ്റു മാർഗ്ഗമൊന്നും ഇപ്പോഴില്ല. സാമ്പത്തിക ബുദ്ധിമുട്ടുകാരണം പലപ്പോഴും സ്പെയർ പാർട്ടുകൾ സമയത്ത് എത്തിക്കാൻ കഴിയാതെവരുന്നു. അവിടെ കുറവുള്ള മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. യാത്രക്കാർക്കും ജീവനക്കാർക്കും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് അത്യാവശ്യംവേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ജീവനക്കാർക്കായി ഗ്യാരേജിലും ഓഫീസ് കെട്ടിടത്തിലും ഇതിനുള്ള സൗകര്യങ്ങളുണ്ട്. യാത്രക്കാർക്ക് നേരത്തേ ഒരുക്കിയിരുന്ന സൗകര്യം ഓഫീസ് കെട്ടിടത്തിന്റെ പുറകിലായതിനാൽ ഇത് പലരുടേയും ശ്രദ്ധയിൽപ്പെടുന്നില്ല എന്നതാണ് വാസ്തവം. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ എല്ലാവർക്കും സൗകര്യപ്രദമായ രീതിയിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ട സൗക

LIBRARY ARCHIVES Kerala Legislative Assembly

ര്യം പുതിയതായി ഒരുക്കാൻ കെ.എസ്.ആർ.ടി.സി.ക്കു കഴിഞ്ഞിട്ടില്ല. കോർപ്പ റേഷന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുകയാ ണ്. അതു മെച്ചപ്പെടുത്തുന്നതോടെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. കണിയാപുരം സബ് ഡിപ്പോയിൽ പഴയ ബസ്സുകൾ മാറ്റി പുതിയവ നൽകുന്നതിനും ബസ്സുകളുടെ കുറവു പരിഹരിക്കുന്നതിനും ശ്രമിക്കുന്നതാണ്. അവിടത്തെ ചെറിയ ചെറിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട അംഗമുൾപ്പെടെയുള്ള ജനപ്രതിനിധികളുടേയും കെ.എസ്.ആർ.ടി.സി. അധി കൃതരുടേയും യോഗം വിളിച്ചുകൂട്ടുന്നതാണ്.

## (18) കൊടുവള്ളി നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂൾ കാൻസലേഷൻ

<u>ശ്രീ. സി. മൊയിൻകുട്ടി</u> : സർ, കെ.എസ്.ആർ.ടി.സി. യുടെ ഭൂപട ത്തിൽ കൊടുവള്ളി നിയോജകമണ്ഡലം ഉൾപ്പെടുന്നില്ല എന്നുള്ളതാണ് എനിക്കു ആമുഖമായി പറയാനുള്ളത്. പത്തിരുപതു വർഷമായി ഓടിക്കൊ ണ്ടിരുന്ന പതിമൂന്നോളം ബസ്സുകൾ ഇന്ന് ഓടുന്നില്ല. ഒരുപാട് നിവേദനങ്ങൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്കു നൽകി. അദ്ദേഹം പറയുന്നത്, 'എന്റെ കാലത്ത് ബസ്സുകൾ നിർത്തലാക്കിയിട്ടില്ല' എന്നാണ്. അതു ശരിയാണ്. അങ്ങ യുടെ കാലത്ത് ബസ്സുകൾ നിർത്തലാക്കിയിട്ടില്ല. അങ്ങയുടെ കാലത്ത് നിർത്തലാക്കിയിട്ടില്ലെങ്കിൽത്തന്നെയും അങ്ങ് ഇതിന് ഉത്തരവാദിയാണ്. 13 ഷെഡ്യൂളുകളാണ് നിർത്തലാക്കിയിട്ടുള്ളത്. അങ്ങ് പറയുന്നത് ഒരൊറ്റ ഷെഡ്യൂളുകളും നിർത്തലാക്കിയിട്ടില്ല എന്നാണ്. എനിക്കു പതിയ ബസ്സുകളെ ക്കുറിച്ചല്ല പറയാനുള്ളത്, വളരെ ലാഭകരമായിട്ടുള്ള റൂട്ടുകളിലാണ് ഷെഡ്യൂ ളുകൾ നിർത്തലാക്കിയിട്ടുള്ളത്. ഈ ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുള്ള തിന്റെ ലിസ്റ്റ് പലതവണ അങ്ങേയ്ക്ക് സമർപ്പിച്ചു. ഇനിയും ഞാൻ ലിസ്റ്റ് തരാം. ആ ബസ്സുകൾ ഓടിക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണം. തിരുവനന്തപുരം ജില്ലയിൽ മാത്രമല്ല, മലബാറിലും കൂറേ ജില്ലകളും മണ്ഡല ങ്ങളുമുണ്ട്. ഞങ്ങൾക്കും നാട്ടിൽ പോകണം. പുതിയ ഷെഡ്യൂളുകൾ അനുവ ദിക്കാനല്ല പറയുന്നത്. പത്തിരുപതു വർഷം ഓടിക്കൊണ്ടിരുന്ന 13 ഷെഡ്യൂളു കൾ ഈ ഗവൺമെന്റ് വന്നതിനുശേഷവും അതിനുമുമ്പും നിർത്തലാക്കിയിട്ടു ണ്ട്; ഇല്ലെന്നു ഞാൻ പറയുന്നില്ല. നിവേദനങ്ങളുടെ കൂമ്പാരം അങ്ങയുടെ മേശയിലുണ്ട്. നിർത്തലാക്കിയ ആ ഷെഡ്യൂളുകൾ സർവീസ് നടത്താനുള്ള നടപടി സ്വീകരിക്കണം. വളരെ ലാഭകരമായിട്ടുള്ള ഷെഡ്യൂളുകളാണ് നിർത്ത ലാക്കിയിട്ടുള്ളത്. ഇങ്ങനെ ലാഭകരമായിട്ടുള്ള ഷെഡ്യൂളുകൾ നിർത്ത ലാക്കിയാൽ എങ്ങനെയാണ് കെ.എസ്.ആർ.ടി.സി.ക്ക് ലാഭമുണ്ടാകുക? തുട രെത്തുടരെ ഇത്തരം സർവീസുകൾ നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. അവ ഓടിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി <u>(ഡോ.എ. നീലലോഹിതദാസൻ നാടാർ)</u> : സർ, കടലാസ്സു കൂമ്പാരംകൊണ്ട് ഷെഡ്യൂളുകൾ ഓടാൻ പറ്റുക യില്ല. ഷെഡ്യൂളുകൾ നടപ്പാക്കണമെങ്കിൽ ബസ്സ് വേണം. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്നതും കൂടുതൽ ഷെഡ്യൂളുകൾ ഓടിക്കുന്നതും കെ.എസ്. ആർ.ടി.സി.യെ സംബന്ധിച്ചിടത്തോളം പ്രയോജനമില്ലെന്ന കാഴ്ചപ്പാട് സ്വീക രിച്ച ഒരു ഗവൺമെന്റുണ്ടായിരുന്നു. ഇവിടെ പറഞ്ഞ ഷെഡ്യൂളുകൾ അധി കവും കാൻസൽ ചെയ്തത് ആ കാലഘട്ടത്തിലാണ്. അതാണ് വാസ്തവം.



LIBRARY ARCHIVES Kerala Legislative Assembly